പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2983 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 അടിസ്ഥാനമാക്കി ഒന്നാം ക്ലാസ് മുതൽ പതിനൊന്നാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. പന്ത്രണ്ടാം ക്ലാസ് പാഠപുസ്തകങ്ങളുടെ പരിഷ്കരണം നടന്നുവരുന്നു. മാറിയ പാഠ്യപദ്ധതിക്കും സാങ്കേതികവിദ്യകൾക്കും മൂല്യനിർണ്ണയത്തിനും അനുസൃതമായി അധ്യാപകരെ സജ്ജരാക്കുന്നതിന് സമഗ്ര പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നതിനൊപ്പം, ക്ലാസ് മുറികളിൽ സഹായകമാകുന്ന വിധത്തിൽ സമഗ്രമായ മൂല്യനിർണ്ണയം പരിഷ്കരിച്ച്, പരമ്പരാഗത അധ്യാപക സഹായികളും നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, മനഃപാഠരീതികൾക്ക് പകരം പ്രശ്നപരിഹാരശേഷി, ഗണനചിന്ത എന്നിവ വിലയിരുത്തുന്ന തരത്തിൽ മൂല്യനിർണയത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അറിവിനൊപ്പം ആശയഗ്രഹണവും പ്രയോഗശേഷിയും ഉയർന്ന തലത്തിലുള്ള ചിന്താശേഷിയും വിലയിരുത്താൻ സഹായകമായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയിട്ടുള്ളത്. പുതുക്കിയ ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി ഹയർ സെക്കൻഡറി ഒന്നാം വർഷ ചോദ്യപേപ്പർ ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.

വിദ്യാഭ്യാസമേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ച് നിരന്തര പഠനങ്ങളും അക്കാദമിക ഗവേഷണങ്ങളും നടത്തുന്നു. കൂടാതെ, അധ്യാപകർ, വിദ്യാഭ്യാസ വിദഗ്ധർ, വിദ്യാലയങ്ങൾ, രക്ഷിതാക്കൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരീക്ഷാഫലങ്ങളുടെ വിശകലനവും പരിഗണിച്ച്, ആവശ്യമായ ഘട്ടങ്ങളിൽ ശാസ്ത്രീയമായ പുനഃപരിശോധനയും അക്കാദമിക ഇടപെടലുകളും നടത്തി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മൂല്യനിർണ്ണയത്തിന്റെ വിശ്വാസ്യതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

പഠനപോഷണ പരിപാടികൾ, നൂതനാശയ പരിപാടികൾ, ശാസ്ത്ര - ഗണിതശാസ്ത്ര - സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രത്യേക പദ്ധതികൾ, അടിസ്ഥാന ഭാഷാ - ഗണിത ശേഷികൾ ഉറപ്പിക്കുന്ന പദ്ധതികൾ, വർക്ക് എഡ്യൂക്കേഷൻ, പ്രീ - സ്കൂൾ ശാക്തീകരണം, അധ്യാപക പരിശീലനം മുതലായവയാണ് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ സമഗ്ര ശിക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ.

(ബി) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകുമോ; വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്ക് അന്തർദേശീയ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്നാം ക്ലാസ്സ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> നിലവിലുള്ള ഇംഗ്ലീഷ് പാഠ്യ പദ്ധതിയിലൂടെ തന്നെ ആശയവിനിമയ ശേഷി വികസിപ്പിക്കുന്നതിനും ഇംഗ്ലീഷ് ഭാഷയുടെ പ്രായോഗിക ഉപയോഗം ഉറപ്പാക്കുന്നതിനും ആവശ്യമായ അക്കാദമിക ഇടപെടലുകൾ ഉറപ്പാക്കിയിട്ടുണ്ട്. കമ്മൂണിക്കേറ്റീവ് ഇംഗ്ളിഷ് മൂന്നാം ക്ലാസ്സ് മുതൽ നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) ചരിത്ര വസ്തുതകളെ വളച്ചൊടിക്കാനും വക്രീകരിക്കാനും ശ്രമിക്കുന്നതായി പറയപ്പെടുന്ന നടപടികളെ നേരിടാൻ എന്തൊക്കെ നടപടികൾ പാഠ്യക്രമങ്ങളിൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നിർണായക ചരിത്ര-സാമൂഹിക ശാസ്ത്രഭാഗങ്ങൾ സംരക്ഷിക്കാൻ കേരളത്തിൽ പ്രത്യേക അഡീഷണൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്യ. ശാസ്ത്രീയ വീക്ഷണം, അന്വേഷണത്വര, യുക്തിചിന്ത, മാനവികത എന്നിവ വളർത്തുക പ്രധാന ലക്ഷ്യങ്ങളിലൊന്നായതിനാൽ, പരീക്ഷണം, വിശകലനം, നിരീക്ഷണം, നിഗമനത്തിലെത്തൽ എന്നീ ശാസ്ത്രീയരീതികൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനാധിഷ്ഠിത പഠനവും, അന്ധവിശ്വാസങ്ങളെയും അശാസ്ത്രീയ ധാരണകളെയും വിമർശനാത്മകമായി വിലയിരുത്താൻ കുട്ടികളെ പ്രാപ്തരാക്കുന്ന ഉള്ളടക്കവും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചരിത്രത്തെ ഐതിഹ്യങ്ങളിൽ നിന്നോ സങ്കുചിത രാഷ്ട്രീയ താല്പര്യങ്ങളിൽ നിന്നോ വേർതിരിച്ച് ശാസ്ത്രീയമായ തെളിവുകളുടെയും ആധികാരിക രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രം പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രമുഖ ചരിത്രകാരന്മാരും വിഷയവിദഗ്ധരും അടങ്ങുന്ന സമിതികളാണ് പാഠപുസ്തകരചന നടത്തിയിട്ടുള്ളത്. പാഠപുസ്തകരചനയ്ക്കുശേഷം അവ വിദഗ്ധസമിതിയുടെയും കരിക്കുലം സബ്കമ്മിറ്റിയുടെയും കർശനപരിശോധനയ്ക്ക് വിധേയമാക്കി കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രസിദ്ധീകരിക്കുന്നത്. ഇത്തരം സമിതികളുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷമാണ് ചരിത്ര ഉള്ളടക്കങ്ങൾക്ക് അന്തിമരൂപം നൽകുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം, ജനാധിപത്യം, മതേതരത്വം, സാമൂഹികനീതി, തുല്യത തുടങ്ങിയ അടിസ്ഥാന മൂല്യങ്ങളെ കേന്ദ്രീകരിച്ചാണ് ചരിത്ര-സാമൂഹ്യശാസ്ത്ര പാഠഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സംസ്കാരങ്ങളുടെയും ജനവിഭാഗങ്ങളുടെയും കൂട്ടായ്മയിലൂടെയാണ് ഇന്ത്യ എന്ന ബഹുസ്വര രാഷ്ട്രം രൂപപ്പെട്ടതെന്ന ചരിത്രസത്യത്തിന് പാഠപുസ്തകങ്ങളിൽ പ്രത്യേക പ്രാധാന്യം നൽകുന്നു. വിവരങ്ങൾ കാണാതെ പഠിക്കുന്നതിന് പകരം ചരിത്രസംഭവങ്ങളെ സ്വതന്ത്രമായും വിമർശനാത്മകമായും വിലയിരുത്താനുള്ള ശേഷി കുട്ടികളിൽ വളർത്തുന്ന തരത്തിലാണ് പഠനപ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വ്യാജപ്രചരണങ്ങളെയും ചരിത്ര വളച്ചൊടിക്കലുകളെയും യുക്തിസഹമായി തിരിച്ചറിയാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ചരിത്ര അന്വേഷണരീതികൾ ക്ലാസ് മുറികളിൽ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ